## പതിനാലാം കേരളനിയമസഭ

## പതിനാലാം സമ്മേളനം

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 159** | **28.01.2019-ൽ മറുപടിക്ക്** |
|---|---|

**അപകടത്തിൽപ്പെടുന്ന വാഹനങ്ങളുടെ പരിശോധന**

| **ചോദ്യം**<br>**ശ്രീ. സണ്ണി ജോസഫ്** | | **മറുപടി**<br>**പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** | |
|---|---|---|---|
| (എ) | അപകടത്തിൽപെടുന്ന വാഹനങ്ങൾ പരിശോധിക്കുന്നതിന് നിലവിൽ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരാണെന്ന് വ്യക്തമാക്കുമോ; | (എ) | മജിസ്ട്രേറ്റ്, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ എ.എം.വി.ഐ. റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർ, പോലീസ് ഡിപ്പാർട്ട്മെന്റിലെ ടെക്നിക്കൽ യോഗ്യതയുളള എം.റ്റി. എസ്.ഐ, എം.റ്റി.ഐ, ഡി.വൈ.എസ്.പി. (എം.റ്റി) |
| (ബി) | പോലീസിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർക്ക് ഇപ്രകാരമുള്ള പരിശോധനയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചതെന്ന് വിശദമാക്കുമോ; | (ബി) | ഉണ്ട്. കേരളാ മോട്ടോർ വെഹിക്കിൾ റൂൾസ് 352 അനുശാസിക്കും പ്രകാരം. |
| (സി) | 2002 ൽ അന്നത്തെ ഡി.ജി.പി ഇപ്രകാരം ഇറക്കിയ ഉത്തരവ് പിന്നീട് പിൻവലിച്ചിരുന്നുവോ; എങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നുവെന്ന് അറിയിക്കാമോ; | (സി) യും (ഡി) യും | അപകടത്തിലുൾപ്പെട്ട വാഹനങ്ങളുടെ പരിശോധനയുമായി ബന്ധപ്പെട്ട് വാഹന ഉടമകൾക്ക് ഉണ്ടായിക്കൊണ്ടിരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിൽ ആവശ്യത്തിന് ഉദ്യോഗസ്ഥരുടെ കുറവ് കാരണവും 01.07.1998-ൽ സർക്കുലർ നമ്പർ 49/98 പ്രകാരം പോലീസ് ഡിപ്പാർട്ട്മെന്റിലെ എം.റ്റി. എസ്.ഐ മുതൽ ഡി.വൈ.എസ്.പി. (എം.റ്റി) വരെയുള്ള ടെക്നിക്കൽ യോഗ്യതയുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് വാഹനം പരിശോധിക്കാമെന്ന് പോലീസ് ഡയറക്ടർ ജനറൽ ഉത്തരവ് |
| (ഡി) | നിയമവിരുദ്ധമായി ഇപ്പോൾ ഇറക്കിയ ഉത്തരവ് പുന:പരിശോധിക്കുമോ എന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിച്ചിരുന്നു. എന്നാൽ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിൽ ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിച്ച സാഹചര്യത്തിൽ 13.06.2002-ൽ സർക്കുലർ നമ്പർ 6/2002 പ്രകാരം 01.07.1998-ലെ ഉത്തരവ് ക്യാൻസൽ ചെയ്തിരുന്നു. എന്നാൽ നിലവിൽ വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവും, ഉയർന്ന വാഹനാപകട നിരക്കും കണക്കിലെടുത്ത് 01.10.2018 -ൽ എക്സിക്യൂട്ടീവ് ഡയറക്ടീവ് 47/2018 പ്രകാരം പോലീസ് വകുപ്പിൽ ടെക്നിക്കൽ യോഗ്യതയുള്ള എം.റ്റി. എസ്.ഐ മുതലുള്ള ഉദ്യോഗസ്ഥർക്ക് വാഹനം പരിശോധിക്കുന്നതിന് അനുവാദം നൽകി സംസ്ഥാന പോലീസ് മേധാവി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിയമവിധേയമായി ഇറക്കിയിട്ടുള്ള ഈ ഉത്തരവ് പുനഃപരിശോധിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ